പട്ടാഴി വടക്കേക്കര

ഗ്രാമപഞ്ചായത്ത്





പൗരാവകാശ രേഖ

2026

(കേരള) പഞ്ചായത്ത് രാജ് ആക്ട് 272 എ (2)
വകുപ്പ് പ്രകാരം പ്രസിദ്ധീകരിക്കുന്നത്

ആമുഖം

ബഹുമാന്യരേ,

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച പൗരാവകാശരേഖ പൊതു ജനസമക്ഷം സമർപ്പിക്കുകയാണ്. ജനാധിപത്യ ഭരണസംവിധാനത്തിൽ അവകാശ സംര ക്ഷണത്തിനും അറിയാനും അറിയിക്കാനുമുള്ള നടപടിക്രമങ്ങൾ ബോദ്ധ്യപ്പെടുത്തുന്ന തിനും വേണ്ടിയാണ് പൗരാവകാശരേഖ.

പൊതുജനങ്ങൾ ദിനംപ്രതി വിവിധ ആവശ്യങ്ങൾക്ക് ഏറിയകൂറും സമീപിക്കുന്ന ഗ്രാമപഞ്ചായത്തിലെ നടപടിക്രമങ്ങൾ അറിഞ്ഞിരിക്കുന്നത് പൊതുജനങ്ങൾക്കും ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഏറെ പ്രയോജനകരമായിരിക്കും. പട്ടാഴി വടക്കേ ക്കര ഗ്രാമപഞ്ചായത്താഫീസിൽനിന്നും,ഘടക സ്ഥാപനങ്ങളിൽനിന്നും, ഇതു കൂടാതെ വില്ലേജാഫീസിൽനിന്നും ലഭിക്കുന്ന സേവനങ്ങളും അതിനുള്ള നടപടി ക്രമങ്ങളെയും ഇതിൽ ലളിതമായി പ്രതിപാദിച്ചിട്ടുണ്ട്.

പൗരാവകാശ രേഖയിൽ പറയുന്ന സമയക്രമം പാലിച്ച് പൊതുജന സേവനം കൂടു തൽ കാര്യക്ഷമമാക്കുന്നതിന് ഞങ്ങൾ സദാ ജാഗരൂകരായിരിക്കുമെന്നും ഇതിന്മേൽ എന്തെങ്കിലും ആക്ഷേപം ഉണ്ടാകുന്ന പക്ഷം പഞ്ചായത്ത് പ്രസിഡന്റിനെയോ സെക്രട്ടറി യേയോ നേരിൽ ബോദ്ധ്യപ്പെടുത്തണമെന്നും അറിയിക്കുന്നു. അഴിമതി രഹിത ഭരണവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും, പൊതുജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണവും കൂട്ടായ്മയും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ പൗരാവകാശരേഖ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരപൂർവ്വം,

(ഒപ്പ്)
എ. ഷിഹാബുദീൻ
സെക്രട്ടറി

(ഒപ്പ്)
ജെയിംസ് അലക്സാണ്ടർ
പ്രസിഡന്റ്

പട്ടാഴി വടക്കേക്കര.
01-06-2026.

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്
പൊതുവിവരങ്ങൾ

ജില്ല	-	കൊല്ലം
താലൂക്ക്	-	പത്തനാപുരം
വില്ലേജ്	-	പട്ടാഴി വടക്കേക്കര
ബ്ലോക്ക് പഞ്ചായത്ത്	-	പത്തനാപുരം
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	-	പത്തനാപുരം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	-	പട്ടാഴി വടക്കേക്കര, കുണ്ടയം
ആകെ മണ്ഡലങ്ങൾ (വാർഡുകൾ)	-	14
വിസ്തൃതി	-	18.07 ച.കി.മീ
ആകെ ജനസംഖ്യ	-	17088 (2011-ലെ ലൈസൻസ് പ്രകാരം)
പുരുഷന്മാർ	-	8249
സ്ത്രീകൾ	-	8839
ആകെ കുടുംബങ്ങൾ	-	
പട്ടികജാതി ജനസംഖ്യ	-	2801
പട്ടികവർഗ്ഗക്കാർ	-	ഇല്ല
സാക്ഷരത	-	94.4%
പഞ്ചായത്ത് നിലവിൽ വന്ന തീയതി	-	1979 ജനുവരി 19
അസംബ്ലി മണ്ഡലം	-	പത്തനാപുരം
പാർലമെന്റ് മണ്ഡലം	-	മാവേലിക്കര

അതിരുകൾ

കിഴക്ക്	-	പത്തനാപുരം ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	-	ഏഴംകുളം ഗ്രാമപഞ്ചായത്ത്
വടക്ക്	-	ഏഴംകുളം ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്
തെക്ക്	-	കല്ലടയാർ (പട്ടാഴി ഗ്രാമപഞ്ചായത്ത്)

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മുകൾതട്ട് ജനപ്രതിനിധികൾ

1. ശ്രീ. അജിത്ത് കൃഷ്ണ - ബ്ലോക്ക് പഞ്ചായത്ത് അംഗം (പ്രസിഡന്റ്)
2. ശ്രീ. ജിയാസുദ്ദീൻ - ബ്ലോക്ക് പഞ്ചായത്ത് അംഗം
3. ശ്രീ. വിഷ്ണു ഭഗത് - ജില്ലാ പഞ്ചായത്ത് അംഗം
4. ശ്രീ. ജ്യോതികുമാർ ചാമക്കാല - നിയമസഭാ അംഗം (പത്തനാപുരം)
5. ശ്രീ. കൊടിക്കുന്നിൽ സുരേഷ് - ലോക്സഭാ അംഗം (മാവേലിക്കര)

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി
2. കൃഷി ഓഫീസർ
3. വെറ്ററിനറി സർജൻ
4. മെഡിക്കൽ ഓഫീസർ പി.എച്ച്.സി
5. മെഡിക്കൽ ഓഫീസർ ഹോമിയോ
6. അസിസ്റ്റന്റ് എൻജിനിയർ, എൽ.എസ്.ജി.ഡി
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
8. സൂപ്പർവൈസർ, ഐ.സി.ഡി.എസ്
9. ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, ഏറത്തുവടക്ക്
10. ഡയറിഫാം ഇൻസ്ട്രക്ടർ
11. അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലും അധീനതയിലുമുള്ള സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥിതിചെയ്യുന്ന സ്ഥലം
1.	കൃഷിഭവൻ	താഴത്തുവടക്ക്
2.	വെറ്ററിനറി ഡിസ്പെൻസറി	മാർക്കറ്റ്
3.	ആയുർവ്വേദ ഡിസ്പെൻസറി	ഏറത്തുവടക്ക്
4.	ഹോമിയോ ഡിസ്പെൻസറി	മാർക്കറ്റ്
5.	പ്രാഥമികാരോഗ്യകേന്ദ്രം	മാലൂർ
6.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	കടുവാത്തോട്
7.	എൽ.എസ്.ജി.ഡി. അസി.എൻജിനിയറുടെ ഓഫീസ്	കടുവാത്തോട്
8.	ഐ.സി.ഡി.പി. സബ്സെന്റർ	മാലൂർ
9.	ഫാമിലി വെൽഫയർ സെന്റർ	മാലൂർ, ചെളിക്കുഴി, മെതുകുമ്മേൽ
10.	സാംസ്കാരിക നിലയം	താഴത്തുവടക്ക്
11.	സാംസ്കാരിക നിലയം	കരിമ്പാലൂർ
12.	യു.പി.എസ്.മാലൂർ	മാലൂർ
13.	യുപി.എസ്.ഏറത്തുവടക്ക്	ചെളിക്കുഴി
14.	ഡബ്ലിയു. എൽ.പി.എസ് താഴത്തുവടക്ക്	ഗോവിന്ദമഠം
15.	എൽ.പി.എസ് താഴത്തുവടക്ക്	തെങ്ങമൺമഠം
16.	ന്യൂ.എൽ.പി.എസ്, താഴത്തുവടക്ക്	മെതുകുമ്മേൽ
17.	എൽ.പി.എസ് മീനം	മണമ്പുവിള

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ

ക്രമ നമ്പർ	സെന്റർ നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	വാർഡ്
1.	69	മെതുകുമ്മേൽ	XIV
2.	70	വെട്ടുതുരുത്തി കോളനി	I
3.	71	താഴത്തുവടക്ക്	I
4.	72	മഞ്ചാടിമൂട്	XIII
5.	73	ഗോവിന്ദമഠം	II
6.	74	അംബേദ്കർകോളനി	XII
7.	75	ചെളിക്കുഴി	III
8.	76	ഹെൽത്ത് സെന്റർ ജംഗ്ഷൻ, ചെളിക്കുഴി	IV
9.	77	മണമ്പുവിള	VI
10.	78	കടുവാത്തോട്	XI
11.	79	വട്ടക്കാല	X
12.	80	മാലൂർ	IX
13.	81	നിരപ്പുവിള	VII
14.	82	കരിമ്പാലൂർ	VIII
15.	83	മുരിക്കിൻകോട്	VIII
16.	170	പടിഞ്ഞാറെവിള	III
17.	171	തെങ്ങമൺമഠം	XII
18.	180	മണയറ	V

ഗ്രാമപഞ്ചായത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ

സ്കൂൾ

1. സെന്റ് പോൾസ് യു.പി.എസ്, മെതുകുമ്മേൽ (എയ്ഡഡ്)
2. എം.റ്റി.ഡി.എം. ഹയർ സെക്കന്ററി സ്കൂൾ, മാലൂർ (എയ്ഡഡ്)

കോളേജ്

1. സെന്റ് സ്റ്റീഫൻസ് കോളജ് മാലൂർ (എയ്ഡഡ്)

വില്ലേജ് ആഫീസ്

1. പട്ടാഴി വടക്കേക്കര, കടുവാത്തോട്

ലൈബ്രറികൾ

വിദ്യാർത്ഥിമിത്രം - മെതുകുമ്മേൽ
ഡി.എസ്. എസ്. ലൈബ്രറി താഴത്തുവടക്ക്
യുവജനസമാജം - ചെളിക്കുഴി
വിശ്വദീപം ഗ്രന്ഥശാല - വട്ടക്കാല,
ഗാന്ധിമെമ്മോറിയൽ, മണയറ

സർവ്വീസ് സഹകരണബാങ്ക്

1. പട്ടാഴി വടക്കേക്കര സർവ്വീസ് സഹകരണബാങ്ക്
ഹെഡ് ഓഫീസ് ചെളിക്കുഴി ഫോൺ: 0475 - 2399461
ബ്രാഞ്ച്: കടുവാത്തോട്, ഫോൺ: 04745 2399299, മെതുകുമ്മേൽ ഫോൺ: 04742616003

മറ്റ് ബാങ്കുകൾ

1. ഇൻഡ്യൻ ബാങ്ക്, കടുവാത്തോട് ബ്രാഞ്ച്, ഫോൺ: 0475-2399229
2. ജില്ലാ സഹകരണബാങ്ക്, കടുവാത്തോട് ബ്രാഞ്ച്, ഫോൺ: 0475-2398080

പോസ്റ്റോഫീസുകൾ

1. ബ്രാഞ്ച്പോസ്റ്റാഫീസ്, ചെളിക്കുഴി പിൻ 691556
2. മാലൂർ പിൻ 689695
3. താഴത്തുവടക്ക് പിൻ 691526
4. മാലൂർ കോളേജ് പിൻ 689695

മാർക്കറ്റ്

1. പബ്ലിക് മാർക്കറ്റ്, ചെളിക്കുഴി

പഞ്ചായത്ത് പ്രദേശത്തിന്റെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥർ

1. സബ് ഇൻസ്പെക്ടർ, പത്തനാപുരം, ഫോൺ: 0475-2353479
2. സർക്കിൾ ഇൻസ്പെക്ടർ, പത്തനാപുരം, ഫോൺ: 0475-2359900

ഫയർ & റെസ്ക്യൂ സർവ്വീസ്

1. പത്തനാപരം ഫോൺ: 04752325701
2. അടൂർ, ഫോൺ: 04734229100
3. കൊട്ടാരക്കര 04742650500
4. കുന്നിക്കോട് 04752325701

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

ചൈൽഡ് ഹെൽപ്പ് ലൈൻ, ഫോൺ: 1098.

ഉദ്യോഗസ്ഥർ പണമോ പാരിതോഷികമോ ആവശ്യപ്പെട്ടാൽ അറിയിക്കേണ്ട വിലാസം

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം
ഫോൺ: 0474-2795092, 9447582422, 8592900900 (ടോൾ ഫ്രീ നമ്പർ)

ഗ്രാമപഞ്ചായത്തിന്റെ അനുവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക
4. കുളങ്ങളും മറ്റ് ജല സംഭരണികളും സംരക്ഷിക്കുക
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ളജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക
7. പോരിമൂലം ഉണ്ടാകുന്ന വെള്ളം ഒഴുക്കി കളയുക
8. പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക
10. സാംക്രമിക രോഗ വാഹികളെ നിയന്ത്രിക്കുക
11. മൃഗങ്ങളുടെ കശാപ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ സംഭരണം/ വില്പന എന്നിവ നിയന്ത്രിക്കുക.
12. ഭക്ഷണ ശാലകളെ നിയന്ത്രിക്കുക
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക
14. റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക.
15. തെരുവ് വിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക

16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും, സംസ്ഥാന തലത്തിലു മുള്ള തന്ത്രങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുക.
18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
19. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുക.
20. വിവാഹം, ജനനം, മരണം, ഇവ രജിസ്റ്റർ ചെയ്യുക
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക
22. കടത്തുകൾ ഏർപ്പെടുത്തുക
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക
24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുക

പൗരധർമ്മവും ഉത്തരവാദിത്വവും

- സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിനുള്ള ചുമതല പൗരന്മാരിൽ നിക്ഷിപ്തമാണ്. പൗരധർമ്മങ്ങൾ എന്ന് ഇതിനെ ചുരുക്കിപ്പറയാം. സ്വയമേ ഇവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.
- ഭരണഘടന, രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക അനാദരവും ലംഘനവും നടത്താതിരിക്കുക, ദേശീയ സ്വാതന്ത്ര്യ പോരാട്ട ത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
- പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുയും ചെയ്യുക.
- ചരിത്ര സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.
- പ്രകൃതി സമ്പത്ത്, വനം- വന്യജീവികൾ പരിസ്ഥിതി സന്തുലിതാവസ്ഥ എന്നിവ പരിരക്ഷിക്കു കയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
- സ്ത്രീ പദവിയും അന്തസ്സും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീവിരുദ്ധ നടപടി കളെ ചെറുക്കുകയും ചെയ്യുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്ര അഭിരുചിയും ശാസ്ത്രബോധവും, മാനവികതയും വളർത്തുകയും ചെയ്യുക.
- രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും മത, സമുദായ സൗഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും അനിവാര്യഘട്ടത്തിൽ രാഷ്ട്രസേവനത്തിന് സന്നദ്ധരാവുകയും ചെയ്യുക.

ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമ പെൻഷനുകൾ

- ദേശീയ വാർദ്ധക്യകാല പെൻഷൻ
- വിധവകൾക്കും വിവാഹമോചിതർക്കും ഉള്ള അഗതി പെൻഷൻ
- വികലാംഗപെൻഷൻ
- കർഷക തൊഴിലാളി പെൻഷൻ
- 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
- തൊഴിൽ രഹിത വേതനം
- സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം.

ഈ പദ്ധതികൾക്ക് അർഹരായവർ ഗ്രാമപഞ്ചായത്താഫീസിൽ നിശ്ചിതഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.

വെറ്ററിനറി ഡിസ്പെൻസറി കടുവാത്തോട്

ദൗത്യം

1. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ചികിത്സയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നു.
2. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. കന്നുകാലികർക്കുള്ള പ്രജനന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
4. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുന്നു.

ആശുപത്രി ജീവനക്കാർ

1. വെറ്ററിനറി സർജൻ 1
2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ 1
3. അറ്റൻഡർ 1
4. പാർട്ട് ടൈം സ്വീപ്പർ 1

പ്രവർത്തന സമയം: സാധാരണ ദിവസം രാവിലെ 9 മണി മുതൽ 1 മണി വരെ
ഉച്ചയ്ക്കുശേഷം 2 മണി മുതൽ 3 വരെ, ഞായറാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ
മറ്റ് അവധി ദിവസം രാവിലെ 9 മണി മുതൽ 1 മണി വരെ.

കടമ

1. പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക
2. പക്ഷി മൃഗാദികൾക്ക് രോഗപ്രതിരോധ കുത്തിവയ്പുകൾ സർക്കാർ നിബന്ധനകൾക്കു വിധേയമായി കാര്യക്ഷമമായിനടപ്പിലാക്കുക.
3. പശു, എരുമ, എന്നിവയുടെ പ്രജനനത്തിനും വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജാധാനസൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളേയും പക്ഷികളേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുന്നു.
6. ഇൻഷ്വറൻസ് ആനുകൂല്യവുമായി ബന്ധപ്പെട്ട രേഖകൾ കർഷകന് സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
7. ജന്തുജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടുകൂടി നടപ്പിലാക്കുന്നു.
8. ഗോരക്ഷാക്യാമ്പുകൾ കന്നുകാലികളുടെ വന്ധ്യതാനിവാരണത്തിനായി വന്ധ്യതാനിവാരണക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.
9. മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നു.
10. സ്വയം തൊഴിൽരംഗത്ത് കർഷകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള സഹായം നൽകുന്നു.
11. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

ഈ സ്ഥാപനത്തിലെ നിലവിലുള്ള സേവനങ്ങളുടെ നിരക്ക്

കൃത്രിമ ബീജാധാനം : സൗജന്യം
ഓമന മൃഗങ്ങളുടെ ചികിത്സാഫീസ് : 5 രൂപ

പരാതി–പരിഹാരം

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം, സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ആശുപത്രിയിലെ ഡോക്ടർക്കും, അതിന്മേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംഗക്ഷണ ഓഫീസർക്കും നൽകേണ്ടതാണ്.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ, സിവിൽസ്റ്റേഷൻ, കൊല്ലം
ഫോൺ: 0474 2790155/2793464

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്
ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
1.	സ്വഭാവ സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ തയ്യാറാക്കിയ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷ പ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല
2.	റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ തയ്യാറാക്കിയ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷ പ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല
3.	തൊഴിൽ രഹിതനെന്ന സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ തയ്യാറാക്കിയ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷ പ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല
4.	പേരിലോ വീട്ടുപേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ തയ്യാറാക്കിയ വാർഡ്മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷയും ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള രേഖയും ഉൾപ്പെടെ പ്രസിഡന്റിന് നേരിട്ട് നൽകുക	തത്സമയം	ഇല്ല
5.	ലൈഫ് സർട്ടിഫിക്കറ്റ്	പെൻഷണർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ പ്രസിഡന്റിന് നൽകുക	തത്സമയം	ഇല്ല
6.	സ്റ്റേറ്റ്മെന്റുകളും പ്രസ്താവനകളും സാക്ഷ്യപ്പെടുത്തൽ	തിരിച്ചറിയൽ രേഖയുമായി പ്രസിഡന്റിന് നേരിട്ട് നൽകുക	തത്സമയം	ഇല്ല
7.	ഒപ്പ്, പകർപ്പ് മുതലായവ സാക്ഷ്യപ്പെടുത്തൽ	ഒപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് നേരിട്ട് ഹാജരായി പ്രസിഡന്റിന്റെ മുന്നിൽ ഒപ്പുവയ്ക്കുക, പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ ഹാജരാക്കുക,തിരിച്ചറിയൽ രേഖ കൊണ്ടുവരേണ്ടതാണ്.	തത്സമയം	ഇല്ല
8.	സബ്സിഡിയ്ക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ വാർഡ് മെമ്പറുടെ റിപ്പോർട്ട് ഉൾപ്പെടെ റേഷൻകാർഡ് സഹിതം പ്രസിഡന്റിന് നേരിട്ട് നൽകുക (ആവശ്യം വ്യക്തമാക്കിയിരിക്കണം)	തത്സമയം	ഇല്ല
9.	വ്യക്തിഗത തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷയും, റേഷൻകാർഡും, തിരിച്ചറിയൽ കാർഡും ഉൾപ്പെടെ പ്രസിഡന്റിന് നേരിട്ട് നൽകുക	തത്സമയം	ഇല്ല

10.	കുടുംബ ബന്ധം കാണിക്കുന്ന സാക്ഷ്യപത്രത്തിന്	വെള്ളക്കടലാസിൽ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതമുള്ള അപേക്ഷയും വിവാഹ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവ ഉൾപ്പെടെ പ്രസിഡന്റിന് നൽകുക.	തത്സമയം	ഇല്ല
11.	പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്	വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതം റേഷൻ കാർഡ് ഉൾപ്പെടെ പ്രസിഡന്റിന് നേരിട്ട് നൽകുക	തത്സമയം	ഇല്ല
12.	നിയമാനുസരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടിയിൽ മരണം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ ഉള്ള അപേക്ഷയിൽ വാർഡ്മെമ്പറുടെ റിപ്പോർട്ടോടുകൂടി പ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല
13.	പിൽതുടർച്ച അവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സംഘടിയിൽ പിൽതുടർച്ച അവകാശം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപത്രം	വെള്ളക്കടലാസിൽ ഉള്ള അപേക്ഷയിൽ വാർഡ്മെമ്പറുടെ റിപ്പോർട്ടോടുകൂടി പ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല
14.	രജിസ്റ്റർ ചെയ്യാത്ത സംഘടിയിൽ വിവാഹിതനാണെന്നുള്ള സാക്ഷ്യപത്രം	വെള്ളക്കടലാസിൽ ഉള്ള അപേക്ഷയും വാർഡ്മെമ്പറുടെ റിപ്പോർട്ടോടുകൂടി റേഷൻകാർഡ് സഹിതംപ്രസിഡന്റിന് നേരിട്ട് നൽകുക.	തത്സമയം	ഇല്ല

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
1.	ജനന - മരണ - നിർജ്ജീവ ജനന രജിസ്ട്രേഷൻ	വീട്ടിൽ വച്ചു നടന്ന ജനനം/മരണം /നർജ്ജീവ ജനനം ആണെങ്കിൽ വീട്ടിലെ മുതിർന്നഅംഗം (ഗൃഹനാഥൻ) പഞ്ചായത്ത് ആഫീസിൽനിന്നും സൗജന്യമായി ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി 21 ദിവസത്തിനകം പഞ്ചായത്ത് സെക്രട്ടറി (ജനന - മരണരജിസ്ട്രാർ)ക്ക് നൽകണം. മറ്റുള്ള സ്ഥലത്ത് വച്ച് നടക്കുന്ന ജനനം/മരണം/നിർജ്ജീവ ജനനം എന്നിവ ബന്ധപ്പെട്ട സ്ഥലത്തിന്റെ/സ്ഥാപനത്തിന്റെ അധികാരിയാണ് രജിസ്റ്റർ ചെയ്യേണ്ടത്.	30 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്നത് 5 ദിവസം മറ്റുള്ളവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും അനുമതി ലഭിച്ചശേഷം. 7 പ്രവൃത്തി ദിവസം	21 ദിവസംവരെ ഫീസില്ല 21 ദിവസം കഴിഞ്ഞ് 30 ദിവസംവരെ ലേറ്റ് ഫീ 2 രൂ. 30 ദിവസത്തിനുശേഷം 1 വർഷം വരെ ജില്ലാ രജിസ്ട്രാരുടെ അനുമതിയോടെ ലേറ്റ് ഫീ 5 രൂപ ഒരു വർഷത്തിനുശേഷം സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് (ആർ.ഡി.ഒ)യുടെ അനുമതിയോടെ ലേറ്റ് ഫീ 10 രൂ
2.	വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ	മാതാപിതാക്കൾ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ	റിപ്പോർട്ട് ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനകം വൈകിയുള്ള സന്ദർഭങ്ങളിൽ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം	60 ദിവസം വരെ ഫീസില്ല 60 ദിവസത്തിനുശേഷം ഒരു വർഷം വരെ 5രൂപ ഒരു വർഷത്തിനുശേഷം10 രൂപ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
3.	ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ	ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യണം. പഞ്ചായത്ത് ആഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ റിപ്പോർട്ട് തയ്യാറാകണം	ദത്തെടുക്കൽ സംബന്ധിച്ച് കോടതി ഉത്തരവ് ഹാജരാക്കിയ ശേഷം 10 പ്രവൃത്തി ദിവസം	21 ദിവസംവരെ ഫീസില്ല 21 ദിവസത്തിനുശേഷം 30 ദിവസംവരെ 2 രൂപ30 ദിവസത്തിനുശേഷം ഒരു വർഷംവരെ 5 രൂപ. 1 വർഷത്തിനുശേഷം 10 രൂപ
4.	ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ	സ്ഥാപന മേധാവി ജനനമരണരജിസ്ട്രാർക്ക് റിപ്പോർട്ട് നൽകണം കുട്ടിയുടെ ജനനതീയതി സംബന്ധിച്ച് നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്ഥാപന മേധാവിയുടെസത്യവാങ്മൂലം സമർപ്പിക്കണം	7 പ്രവൃത്തി ദിവസം	ഫീസില്ല
5.	നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ	ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യണം.	രജിസ്ട്രേഷനുള്ള അനുമതി ലഭിച്ച ശേഷം 15 പ്രവൃത്തി ദിവസം	ലേറ്റ് ഫീ 10 രൂപ
6	.ജനന മരണ രജിസ്ട്രേഷൻ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് (രജിസ്ട്രേഷൻ ആവശ്യത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിന് വേണ്ടി)	5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷ, ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ	7 പ്രവൃത്തി ദിവസം മറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടോ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ളപക്ഷം അവ ലഭിച്ച് 7 പ്രവൃത്തി ദിവസം	തിരുവിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ. സർട്ടിഫിക്കറ്റ് ഫീ 2 രൂപ
7.	ജനന-മരണ സർട്ടിഫിക്കറ്റ് ലഭിക്കൽ	ജനന-മരണ തീയതി രേഖപ്പെടുത്തിയ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച മാതൃകാ ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷ. അപേക്ഷകന്റെ പേരിലുള്ള 50 രൂപയുടെ മുദ്രപത്രം	7പ്രവൃത്തി ദിവസം	തിരുവിൽ ഫീസ് ഒരു വർഷത്തേയ്ക്ക് 2 രൂപ, പകർപ്പ് ഫീ 5 രൂപ
8.	ജനനരജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്ത സമയത്തോ, സ്കൂളിൽ ചേർക്കുന്നതിനു മുമ്പോ , പേര് ചേർത്തിട്ടില്ലെങ്കിലോ,ചേർത്ത പേരുകളുടെ തിരുത്തലു കൾക്കോ)	5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച മാതാവിന്റെയോ, പിതാവിന്റെയോ, രക്ഷിതാവിന്റെയോ അപേക്ഷ അവരുടെ ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖ. തിരുത്തലുകൾക്ക് വെള്ളക്കടലാസിൽ തയ്യാറാക്കിയ സത്യവാങ്മൂലവും മുന്പ് കൈപറ്റിയ സർട്ടിഫിക്കറ്റും ഹാജരാക്കണം.	7പ്രവൃത്തി ദിവസം	രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷം വരെ ഫീസില്ല. ഒരു വർഷത്തിനുശേഷം 5 രൂപ തിരുത്തലുകൾക്ക് കൊമ്പൗണ്ടിംഗ് ഫീ 50 രൂപ
9.	ജനനരജിസ്റ്ററിൽ പേര് ചേർക്കൽ/ തിരുത്തൽ (കുട്ടിയുടെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ 10 മാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ)	ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) - നിന്നുള്ള അനുമതി വേണം. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചമാതാവിന്റെയോ, പിതാവിന്റെയോ, രക്ഷിതാവിന്റെയോ അപേക്ഷയോടൊപ്പം സ്കൂൾ രേഖയുടെ ശരി പകർപ്പ്, സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യ പത്രം ജനന ക്രമം കാണിക്കുന്ന പ്രഖ്യാപനം ജനന ക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി/വയസ്സ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്/ സ്കൂൾരേഖ/ഹെൽത്ത്കാർഡ്/ആശുപത്രിരേഖ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷിപ്പെടുത്തിയ പകർപ്പ്.	അപേക്ഷ ലഭിച്ച് 15 പ്രവൃത്തി ദിവസം	ഫീസില്ല

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
10.	ജനനരജിസ്റ്ററിൽ പേര് ചേർക്കൽ/ തിരുത്തൽ (സ്കൂളിൽ ചേർത്തതിനുശേഷം പേര് ചേർക്കുന്ന സംഗതികളിൽ)	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ സ്കൂൾ രേഖയുടെ ശരിപകർപ്പ് / സ്കൂൾരേഖയിലെ പേര്,ജ ജനനതീയതി, മാതാപിതാക്കളുടേപേര് എന്നിവ കാണിക്കുന വിദ്യാഭ്യാസാധികാരികളിൽനിന്നുള്ള സാക്ഷ്യപത്രം, ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം	7 പ്രവൃത്തി ദിവസം	5 രൂപ
11.	ജനനരജിസ്റ്ററിൽ പേര് ചേർക്കൽ/ തിരുത്തൽ (സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ) (6 വയസിനുശേഷം)	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. അപേക്ഷയിൽ ഒപ്പ് വച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ, മാതാപിതാക്കളുടെ, എല്ലാകുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം, മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ	7 പ്രവൃത്തി ദിവസം	5 രൂപ
12.	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ / ചേർത്തപേര് സ്കൂൾ രേഖ പോലെ തിരുത്തൽ	തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കികൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും സ്കൂൾ രേഖയും പേര് തെറ്റായി ചേർക്കാൻ ഇടയായ സാഹചര്യം വിശദമാക്കുന്ന മാതാപിതാക്കളുടെ/ അപേക്ഷകന്റെ 200 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം	7 പ്രവൃത്തി ദിവസം	50 രൂപ കോമ്പൗണ്ടിംഗ് ഫീ
13.	1970 ഏപ്രിൽമാസം 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ	തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) മുഖേന ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് ഡയറക്ടർ)ക്ക് അനുമതിക്കായി അപേക്ഷ നൽകണം. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ, ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം എന്നിവ ഉൾപ്പെടെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തി അപേക്ഷ സമർപ്പിക്കണം	അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	5 രൂപ
14.	ജനന മരണ രജിസ്ട്രേഷൻ/ തിരുത്തലുകൾ (ജനന മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ)	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ ജനനം/മരണം റിപ്പോർട്ട് ചെയ്ത ആളുടെ തിരുത്തൽ കത്ത് (സ്ഥാപനം ഇപ്പോൾ ഇല്ലെങ്കിലോ, വീട്ടിൽ വച്ച് നടന്ന സംഗതികളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്തയാൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകും) മാതാപിതാക്കളുടെയോ രജിസ്റ്റർ ചെയ്ത ആളുടെയോ പേര് വിലാസം എന്നിവ തിരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണം. സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തിരിച്ചറിയൽ കാർഡ്, റേഷൻകാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് വേണം. ഇത് കൂടാതെ വിശ്വാസനീയരായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷനും വേണം (വസ്തുതാപരമായ തിരുത്തലുകൾക്കു) മുന്ന് കൈപറ്റിയ സർട്ടിഫിക്കറ്റ് തിരിച്ചു നൽകണം.	7 പ്രവൃത്തി ദിവസം	ഫീസ് ഇല്ല

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
15.	ജനന മരണ രജിസ്ട്രേഷൻ/ തിരുത്തലുകൾ 1970-ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്ക്	തദ്ദേശ രജിസ്ട്രാർ മുഖാന്തിരം ചീഫ് രജിസ്ട്രാർക്ക് അപേക്ഷ നൽകണം. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ജനനം/മരണം, റിപ്പോർട്ട് ചെയ്ത വ്യക്തിയുടെ അപേക്ഷ (വ്യക്തി ജീവിച്ചിരിപ്പില്ലെങ്കിൽ അത് സംബന്ധമായ സത്യവാങ്മൂലം) ജനന രജിസ്റ്ററിലെ തിരുത്തലിന് മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം, രണ്ട് വിശ്വസനീയരായ വ്യക്തികളിൽ നിന്നുള്ള വിളംബരം ആശുപത്രി മുഖേന റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്ക് മൈനർ രജിസ്ട്രാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സ്ഥാപനം നിലവിലില്ലെങ്കിൽ പ്രസ്തുത വിവരത്തിനുള്ള സത്യവാങ്മൂലം.	അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	ഫീസില്ല.
16.	ജനന രജിസ്റ്ററുകളിൽ പേര് ചേർക്കൽ/ തിരുത്തലുകൾ രജിസ്ട്രേഷനുകളിലെ മാതാപിതാക്കളുടെ പേര്, ഇനിഷ്യൽ വികസിപ്പിക്കൽ, ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ, മേൽവിലാസത്തിലെ അക്ഷരത്തെറ്റ് തിരുത്തൽ	5 രൂപ കോർട്ടുഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫാറത്തിലുള്ള അപേക്ഷ, തിരുത്തൽ സംബന്ധിച്ച് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ് തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കണം.	15 പ്രവൃത്തി ദിവസം	ഫീസില്ല
17.	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/ തിരുത്തലുകൾ (കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ)	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) ക്ക് 5 രൂപകോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫാറത്തിലുള്ള അപേക്ഷ നൽകണം. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ സംയുക്ത പേക്ഷ. കുട്ടി പ്രായപൂർത്തിയായതാണെങ്കിൽകുട്ടിയുടെ അപേക്ഷ. തെറ്റായി പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം	15 പ്രവൃത്തി ദിവസം	50 രൂപ കോമ്പൗണ്ടിംഗ് ഫീ
18.	1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ)	1957-ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള വിവാഹ റിപ്പോർട്ട് നിശ്ചിത ഫാറത്തിൽ 2 പകർപ്പ് വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ, വരന്റെ/വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹബന്ധം നിയമാനുസരണം വേർപെടുത്തിയതിന്റെ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കണം. വിവാഹം നടന്നത് സംബന്ധിച്ച വിശ്വസനീയമായ തെളിവ് ഹാജരാക്കണം വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 15 ദിവസത്തിനുശേഷം എന്നാൽ 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച സംയുക്ത അപേക്ഷ കൂടി വേണം.	15 പ്രവൃത്തി ദിവസം	ഫീസില്ല
19.	1955-ലെ ഹിന്ദു വിവാഹനിയമപ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനുശേഷം)	തദ്ദേശ രജിസ്ട്രാർ മുഖേന ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)ടെ അനുമതി നേടണം. വിവാഹ റിപ്പോർട്ടിന്റെ 2 പകർപ്പ് പേര്, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ വരന്റെ/വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹബന്ധം വേർപിരിഞ്ഞതിന്റെ/ആദ്യ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ കാലതാമസം മാപ്പാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതിക്കായുള്ള 5 രൂപാ കോർട്ടുഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷകൾ വിവാഹം നടന്നത് സംബന്ധിച്ച വിശ്വസനീയമായ തെളിവ്.	അനുമതി ലഭിച്ച് 15പ്രവൃത്തി ദിവസം	ഫീസില്ല

ക്ര നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
19.	1955- ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ (വിവാഹരജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ)	തദ്ദേശ രജിസ്ട്രാർ മുഖേന ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) ക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങണം. 5 രൂപയുടെ കോർട്ടുഫീ സ്റ്റാമ്പ് പതിച്ച രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ. വിവാഹ രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് തിരുത്തലുമായി ബന്ധപ്പെട്ട ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. പേരിലെ തെറ്റു തിരുത്തുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം വേണം.നേരത്തേ കൈപ്പറ്റിയ വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ലഭ്യമല്ലാത്തപക്ഷം ആയത് സംബന്ധിച്ച് സത്യവാങ്മൂലം നൽകണം	അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	ഫീസ് ഇല്ല
20.	1955- ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്	5 രൂപാ കോർട്ടുഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫാറത്തിലുള്ള അപേക്ഷയോടൊപ്പം അപേക്ഷകന്റെ പേരിലുള്ള 50 രൂപയുടെ മുദ്രപത്രവും ഹാജരാക്കണം	7 പ്രവൃത്തി ദിവസം	10 രൂപ
21.	2008- ലെ പൊതു വിവാഹ ചട്ടങ്ങൾ പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 5 വർഷത്തിനകമുള്ള രജിസ്ട്രേഷൻ)	നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ 2 സെറ്റ് ജനനതീയതിതെളിയിക്കുന്നതിനുള്ള രേഖകൾ (ജനനസർട്ടിഫിക്കറ്റ് സ്കൂൾ രേഖ, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ കാർഡ് ജനനതീയതി രേഖപ്പെടുത്തിയ ഇലക്ഷൻ തിച്ചറിയൽ കാർഡ് തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്) വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർ, എം.പി. എം.എൽ.എ ഗസറ്റഡ് ഓഫീസർ പഞ്ചായത്ത് മെമ്പർ നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകിയ നിശ്ചിതഫാറത്തിലുള്ള പ്രഖ്യാപനം (ഫോറം നമ്പർ II)	7 പ്രവൃത്തി ദിവസം	രജിസ്ട്രേഷൻ ഫീസ് 100 രൂപ എസ്.സി/എസ്.ടി/ബി.പി.ൽ വിഭാഗത്തിന് 10 രൂപ. സർട്ടിഫിക്കറ്റിനുള്ള ഫീസ് 20 രൂപ വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100 രൂപ പിഴ കൂടിഅടയ്ക്കണം എസ്.സി/എസ്.ടി/ബി.പി.ൽ വിഭാഗം തെളിവ് ഹാജരാക്കണം)
22.	2008- ലെ പൊതു വിവാഹ ചട്ടങ്ങൾ പ്രകാരം വിവാഹം നടന്ന് 5 വർഷത്തിനു ശേഷമുള്ള രജിസ്ട്രേഷൻ	തദ്ദേശ രജിസ്ട്രാർ മുഖേന വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)-ന്റെ അനുമതി വാങ്ങണം നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 3 പകർപ്പുകൾ, ഫോട്ടോ 3 സെറ്റ് ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖകൾ വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർ, എം.പി. എം.എൽ.എ ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ, നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും ഒപ്പിൽ നിന്നുള്ള ഫോറം നമ്പർ II ഉള്ള പ്രഖ്യാപനം അല്ലെങ്കിൽ വിവാഹം നടന്നുയെന്ന് തദ്ദേശ രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന മറ്റേതെങ്കിലും രേഖകൾ.	അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	രജിസ്ട്രേഷൻ ഫീസ് 100 രൂപ ബി.പി.എൽ, എസ്. സി, എസ്.ടി വിഭാഗത്തിന് 10 രൂപ പിഴ 250 രൂപ സർട്ടിഫിക്കറ്റ് 20 രൂപ അധിക സർട്ടിഫിക്കറ്റ് ഒന്നിന് 25 രൂപ
23.	2008- ലെപൊതുവിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്സ്, തീയതി, മുതലായ സാരവത്തായവ ഒഴികെയുള്ളത്)	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫാറത്തിലുള്ളഅപേക്ഷ. രജിസ്ട്രേഷനിൽ സംഭവിച്ച തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ. തിരുത്തൽ ഫീസ് ഒടുക്കിയ രസീതിന്റെ പകർപ്പ് കൂടി ഹാജരാക്കണം.	15 പ്രവൃത്തി ദിവസം	ക്ലറിക്കൽ പിശകുകൾക്ക് ഫീസില്ല. മറ്റുള്ളവയ്ക്ക് 100 രൂപ
24.	2008- ലെ പൊതുവിവാഹ രജിസ്റ്ററിലെ പേര്, വയസ്സ്, തീയതി, മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ	ബന്ധപ്പെട്ട ജില്ലയിലെ രജിസ്ട്രാർജനറൽ പഞ്ചായത്ത് (ഡ. ഡയറക്ടർ) അനുമതി തേടണം. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ രജിസ്ട്രേഷനിൽ സംഭവിച്ച തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ, തിരുത്തൽ ഫീസായി 100 രൂപ മുൻകൂട്ടി അടച്ചതിന്റെ വിവരങ്ങൾ	അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	100 രൂപ മുൻകൂട്ടി അടയ്ക്കണം.

ക്ര നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
25.	ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ	60 വയസ്സ് പൂർത്തിയായിരിക്കണം നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുടെ 2 പകർപ്പുകൾ പ്രായം തെളിയിക്കുന്നതിന് ആവശ്യമായ ജനന സർട്ടിഫിക്കറ്റോ, സ്കൂൾസർട്ടിഫിക്കറ്റോ, പള്ളി രേഖകളോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പോ അല്ലാത്തപക്ഷം അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സാക്ഷ്യപത്രമോ വേണം. സ്ഥിര താമസം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖ (ഇല ക്ഷൻ തിരിച്ചറിയൽ/ആധാർ /ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖ മുതലായവ) കഴിഞ്ഞ മൂന്ന് വർഷക്കാലമായികേരള സംസ്ഥാനത്ത് സ്ഥിര താമസം ഉണ്ടായിരി ക്കണം. വരുമാനം തെളിയിക്കുന്നതിന് വില്ലേജാഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ്. കുടുംബ വരുമാന പരിധി 100,000/-	40 ദിവസം	ഫീസില്ല
26.	അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും)	നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ. വിധവയാണെങ്കിൽ ഭർത്താ വിന്റെ മരണ സർട്ടിഫിക്കറ്റ്. വിവാഹമോചിതയാണെങ്കിൽ വിവാഹമോചനം നേടി യതിന്റെ രേഖയോ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഹാജരാക്ക ണം സ്ഥിര താമസം തെളിയിക്കുന്നതിന് റേഷൻ കാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് /ആധാർ/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖ എന്നിവയും വേണം. കഴിഞ്ഞ രണ്ട് വർഷമായി കേരള സംസ്ഥാനത്ത് സ്ഥിര താമസം ഉണ്ടായി രിക്കണം. വരുമാന പരിധി 100,000/- രൂപ പുനർവിവാഹം നടത്തിയിട്ടില്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി.വരുമാനം തെളിയിക്കുന്നതിന് വില്ലേജാഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.	40 ദിവസം	ഫീസില്ല
27.	വികലാംഗപെൻഷൻ (വികലാംഗർ, അംഗ വൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)	പ്രായപരിധി ഇല്ല നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ സ്ഥിര താമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്നതിനുള്ള മറ്റേതെങ്കിലും രേഖകൾ. വികലാംഗത്വം തെളിയിക്കുന്ന രേഖ, കുടുംബവാർഷിക വരുമാനം 100000 രൂപ. വികലാംഗത്വം 80% ൽ അധികരിച്ചിട്ടുള്ളവർക്ക് ഉയർന്ന നിരക്കിലുള്ള പെൻഷന് അർഹത ഉണ്ടായിരിക്കും.വരുമാനം തെളിയിക്കുന്നതിന് വില്ലേജാഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ശാരീരിക മാനസിക വൈകല്യങ്ങൾ (അന്ധിവൈകല്യം ചുരുങ്ങിയത് 40% അന്ധർ - ലെൻസ് ഉപയോഗിച്ചിട്ടും കാഴ്ചശക്തി6/60അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്, ബധിരൻ - കേൾവിശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്, മാനസികവൈകല്യം - ഐക്യൂ 50-ൽ താഴെ)	40 ദിവസം	ഫീസില്ല
28.	കർഷക തൊഴിലാളി പെൻഷൻ	60 വയസ്സ് പൂർത്തിയായിരിക്കണം. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയാൻ പാടില്ല. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരുന്നവരും വിടുതൽ സാക്ഷ്യപത്രം നേടിയവരും ആയിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ. വയസ്സ് താമസം, എന്നിവ തെളി യിക്കുന്നതിനുള്ളരേഖകൾ ഹാജരാക്കണം. കഴിഞ്ഞ 10 വർഷമായി തുടർച്ചയായി കേരളത്തിൽ സ്ഥിര താമസമാണെന്നുള്ളതിന് രേഖകൾ ഹാജരാക്കണം. വില്ലേജാഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.	45 ദിവസം	ഫീസില്ല

ക്രമനമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
29.	50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	50 വയസ്സ് പൂർത്തിയായിരിക്കണം. നിശ്ചിതഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ. അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കണം. കുടുംബ വാർഷിക വരുമാനം 10,000 രൂപ. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരായിരിക്കണം. അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാവുന്നതാണ്.	40 ദിവസം	ഫീസില്ല
30.	തൊഴിൽ രഹിത വേതനം	എസ്.എസ്.എൽ.സി. പാസായിരിക്കണം, പട്ടിക ജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ, വികലാംഗർ എന്നി വിഭാഗക്കാർ സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹാജരായാലും മതി) കുടുംബവാർഷിക വരുമാനം 12,000 രൂപയും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയും കവിയരുത്. പ്രായം 18നും 35നും മധ്യേ. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസിനുശേഷം തുടർച്ചയായി വികലാംഗർ/ പട്ടികജാതിക്കാർ/പട്ടിക വർഗ്ഗക്കാർ എന്നിവർക്ക് രണ്ട് വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റി ഉണ്ടായിരിക്കണം. യഥാസമയം പുതുക്കാതെ രിസ്ട്രേഷൻ റദ്ദു ചെയ്ത സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പ് എസ്.എസ്.എൽസിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ് ഫോട്ടോപതിച്ച തിരിച്ചറിയൽരേഖ വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക്മാത്രം) ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഒറിജിനൽ (പരിശോധനയ്ക്ക് ഹാജരാക്കണം) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ലഭിച്ചവർക്ക് വരുമാന പരിധി കൂടുന്ന സംഗതികളിൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല.	45 ദിവസം	ഫീസില്ല
31	സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം (ഭർത്താവ് ഉപേക്ഷിച്ചവരുടെ പെൺമക്കൾ, ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെ മക്കൾ, അവിവാഹിതരായ സ്ത്രീകളുടെ മക്കൾ എന്നിവർക്കും ധനസഹായം നൽകും)	വിവാഹിതയാകുന്നയാൾ കഴിഞ്ഞ മൂന്നു വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം എന്ന് തെളിയിക്കുന്ന രേഖ വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 2 പ്രതികൾ. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ. പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ /അച്ചടിച്ച പ്രതിശ്രുതവരന്റെ സത്യവാങ്മൂലം. കുടുംബവാർഷിക വരുമാനം 20,000 രൂപ. സ്വർണ്ണം ഉൾപ്പടെ പെൺകുട്ടിയുടെ ആകെ സമ്പത്ത് 50,000 രൂപയിൽ കവിയരുത്. വിവാഹത്തിന് ഒരുമാസം മുമ്പ് അപേക്ഷിക്കാത്തപക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി ഒരു വർഷം വരെ)	ജില്ലാകളക്ടർക്ക് സമർപ്പിക്കേണ്ടത് 30 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട അധികാരികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി നൽകുന്നതാണ്.	ഫീസില്ല

കെട്ടിട നിർമ്മാണ പെർമിറ്റ്

1. പെർമിറ്റുകൾ ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണങ്ങൾക്ക് NOC നൽകൽ

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
1.	കാറ്റഗറി II പഞ്ചായത്തുകളിൽ പെർമിറ്റുകൾ ആവശ്യമില്ലാത്ത കെട്ടിട നിർമ്മാണങ്ങൾക്ക് NOC നൽകൽ.ഒരുപ്ലോട്ടിൽ നിലവിലുള്ളതും പണിയാൻഉദ്ദേശിക്കുന്നതും ഉൾപ്പെടെ 100 ച്. സ്ക്വയർവരെവിസ്തീർണ്ണമുള്ളതും ഒന്നുനിലയിൽ കവിയാത്തതുമായ ഏക കുടുംബ വാസഗൃഹം	എ ഫോറത്തിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, ആധാരത്തിന്റെ പകർപ്പ്, (അസ്സൽ ഹാജരാക്കണം) കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി ഒടുക്ക് രസീതിന്റെ പകർപ്പ്, റഫ് സ്കെച്ച്, (സ്ഥല അതിർത്തികൾ നിലവിലുള്ളതും, പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിലേക്ക് അയൽത്തികളിൽ നിന്നുള്ള ദൂരം കാണിച്ചിട്ടുള്ളരൂപരേഖ)തണ്ണീർത്തടം/നിലംആയിട്ടുള്ളവസ്തുവിൽ കെട്ടിട നിർമാണത്തിനു മുന്നായി റവന്യൂ അധികാരികളിൽനിന്നുള്ള ഉത്തരവ്/സാക്ഷ്യപത്രം	10 ദിവസം	ഫീസില്ല
2.	കെട്ടിട നിർമ്മാണ പെർമിറ്റുകൾ പുതിയവയും ഉപയോഗമാറ്റത്തിനും (ഗ്രൂപ് - 7) അപേക്ഷകൾ ഓൺലൈനായി മാത്രം സമർപ്പിക്കണം	കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അനുബന്ധം എ യിലുള്ള അപേക്ഷ (5രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്) ആധാരം / പട്ടയത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം) കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം. സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രസീതിന്റെ പകർപ്പ്. ബിൽഡിംഗ് പ്ലാൻ, സൈറ്റ്പ്ലാൻ, സെക്ഷൻ, എലിവേഷൻ, ടൊസ്പ്ലാൻ, സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ, പാർക്കിംഗ് പ്ലാൻ (ആവശ്യമുള്ള സംഗതികളിൽ) മഴവെള്ള സംഭരണി പ്ലാൻ, ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്	(ഓൺലൈൻ അപേക്ഷയുടെ കമ്പ്യൂട്ടർ പ്രിന്റ്) 15 ദിവസം	കെ. പി. ബി. ആർ പട്ടിക 1,2 പ്രകാരം
3	കെട്ടിട നിർമ്മാണ പെർമിറ്റുകൾ സ്ഥലം ഡിവലപ്മെന്റിനുള്ള പെർമിറ്റുകൾ	അനുബന്ധം എ യിലുള്ളതും, ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കമ്പ്യൂട്ടർ പിന്റ്, 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചതുമായ അപേക്ഷ, ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ് സൈറ്റ്പ്ലാൻ,സർവ്വീസ്പ്ലാൻ,ലൊക്കേഷൻ പ്ലാൻ, പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനയ്ക്ക് ഹാജരാക്കണം) കരമടച്ച രസീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്	അപേക്ഷാ ഫീസ് 30 രൂപ പെർമിറ്റ്ഫീസ് പ്ലോട്ടുകളായി തരം തിരിക്കൽ ഹെക്ടറിന് 750രൂപ വീതം A1-7/m2 A2-10/m2	
3	കെട്ടിട നിർമ്മാണ പെർമിറ്റുകൾ ടെലികമ്മ്യൂണിക്കേഷൻ ടവർ	1.കെ.പി.ബി.ആർ.ചട്ടം അനുബന്ധം എയിലുള്ള ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കമ്പ്യൂട്ടർ പിന്റ്, അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ചത് 2.സൈറ്റ്പ്ലാൻ,ലൊക്കേഷൻ പ്ലാൻ,എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ 3. ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽനിന്നുള്ളരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ലൈസൻസിന്റെ പകർപ്പ് 4.ഡാറ്റാഷീറ്റ് (സർവ്വീസ് നൽകുന്നവരുടെ പേര്, ലൊക്കേഷൻ ടവർ, റഫറൻസ്, ഉയരം, ബാരം, നിലത്തോ/കെട്ടിടത്തിന് മുകളിലോ ആന്റിനകളുടെ എണ്ണം മുതലായവ 5.SACFAക്ലിയറൻസ്/ക്ലിയറൻസിനുവേണ്ടി സമർപ്പിച്ച	30 ദിവസം	അപേക്ഷാ ഫീസ് 1000 രൂപ പെർമിറ്റ് ടവറിന് ഫീ 10,000 രൂപ പോൾ സ്ട്രക്ചർ ആണെങ്കിൽ 2500 രൂപ അനുബന്ധ കെട്ടിടങ്ങൾക്ക് പട്ടിക II പ്രകാരം

		അപേക്ഷയുടെ പകർപ്പുംഅണ്ണർ ടേക്കിംഗ് കത്തും 6. ഗ്രൗണ്ട് ടവറിന്റെ സംഗതിയിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/ കെട്ടിടത്തിനു മുകളിലുള്ള ടവറാണെങ്കിൽ അധികാരപ്പെട്ട എഞ്ചിനിയറിൽ നിന്നും കെട്ടിടത്തിന്റെയും ടവറിന്റെയും സുരക്ഷിതത്വം സംബന്ധിച്ചുള്ള അംഗീകാരം. 7. ഡീസൽ ജനറേറ്റർ സിസ്റ്റം സംബന്ധിച്ച് ഇന്ത്യ ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷനിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്. 8. ഫയർ ക്ലിയറൻസ് ആവശ്യമായ സംഗതികളിൽ ഫയർ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ്. 9. വന സംരക്ഷണ പ്രദേശമാണെങ്കിൽ ഫോറസ്റ്റ് പരിസ്ഥിതിക്ലിയറൻസ് സർട്ടിഫിക്കറ്റ്. 10. ഉടമസ്ഥാവകാശ രേഖ/അപേക്ഷകൻ ഉടമയല്ലെങ്കിൽ ടവർ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലം/കെട്ടിടത്തിന്റെ മുകൾ ഭാഗം നൽകികൊണ്ടുള്ളസ്ഥലം ഉടമ/കെട്ടിട ഉടമയുടെ പക്കൽ നിന്നുള്ള അനുമതി ഉടമ്പടി പ്രമാണം. 11. പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കി കൊണ്ട് സർവ്വീസ് പ്രൊവൈഡർ സമർപ്പിച്ച സർട്ടിഫിക്കറ്റ് കൈപ്പറ്റിയതിന് ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് നൽകിയ രേഖ.		
4	വസ്തു നികുതി നികുതിയിന്മേലുള്ള അപീൽ	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ്, നികുതിയടച്ച് രസീതിന്റെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്. അപീൽ നൽകുന്ന അർദ്ധവർഷാവസാനം വരെയുള്ള നികുതി അടച്ച ശേഷം മാത്രമേ അപീലുകൾ പരിഗണിക്കുകയുള്ളു. ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം അപീൽ സമർപ്പിക്കണം	30 ദിവസം	
5	.വസ്തുനികുതി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റംചെയ്യൽ	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിശ്ചിത ഫാറത്തിലുള്ള അപേക്ഷ (5 രൂപ കോർട്ട്ഫീസ്സ്റ്റാമ്പ് പതിച്ച് കെട്ടിട ഉടമയുടെയും മുൻ ഉടമയുടെയും സംയുക്തമായി തയ്യാറാക്കിയ അപേക്ഷകൾ - അനുബന്ധം 33 (ഒരാൾമാത്രം അപേക്ഷിക്കുന്ന സംഗതിയിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം നൽകി നോട്ടീസ് നൽകണം. ആധാരത്തിന്റെ പകർപ്പും അസ്സലും. കോടതിവിധിയോ ലേലപ്രകാരമോ ഉള്ള വില്പനയിൽ ടി ഉത്തരവുകളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്) കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽമരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിൻതുടർച്ചാവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ	45 ദിവസം യുക്ത അപേക്ഷ 10 ദിവസം	
6	വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട്ഫീസ്സ്റ്റാമ്പ് പതിച്ച്) സമർപ്പിക്കേണ്ടതാണ്	7 ദിവസം	

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
7.	നികുതി രഹിത കെട്ടിടം എന്ന സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട്ഫീസ്റ്റാമ്പ് പതിച്ച്), അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/രണ്ടുപേരുംകൂടി ഒപ്പുവച്ച് വാടക കരാർ	3 ദിവസം	
8.	കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വാർഡ് നമ്പറും കെട്ടിട നമ്പറും വ്യക്തമാക്കികൊണ്ടുള്ള വെള്ളക്കടലാസിലുള്ള അപേക്ഷ 5 രൂപ കോർട്ട്ഫീ പതിക്കണം. നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അടച്ച് രസീത്, നികുതി നിശ്ചയിച്ചതു സംബന്ധിച്ച മുൻകാല രേഖകൾ ഉണ്ടെങ്കിൽ അവ.	7 ദിവസം	
9.	ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ബി.പി.എൽ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ (വാർഡ് നമ്പറും വീട്ടു നമ്പറും ഉൾപ്പെടുത്തിയിരിക്കണം. ചികിത്സാ സഹായത്തിന്, സപ്ലൈഓഫീസിൽ റേഷൻ ആവശ്യങ്ങൾക്ക് അപേക്ഷ നൽകുന്നതിന്, സ്കൂൾ കുട്ടികൾക്കുള്ള സ്കോളർഷിപ്പിന്, ഇലക്ട്രിസിറ്റി വകുപ്പിലേക്ക് വൈദ്യുതി കണക്ഷന്, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്, നിയമാനുസൃതമായ മറ്റ് ആവശ്യങ്ങൾക്ക്	3 ദിവസം	
10	**മറ്റ് സേവനങ്ങൾ**: പഞ്ചായത്ത് റോഡിൽകൂടി വെള്ളം കൊണ്ടുപോകുന്നതിനും കേബിൾ ഇടുന്നതിനും റോഡ് കട്ട് ചെയ്യൽ കാനയ്ക്കു മുകളിൽ പൈപ്പുകൾ സ്ലാബുകൾ സ്ഥാപിക്കൽ എന്നിവ	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് ആവശ്യം സൂചിപ്പിച്ചുകൊണ്ട് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ റോഡ് കട്ടിംഗ് സംബന്ധിച്ച് അളവുകൾ കാണിക്കുന്ന പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ സമർപ്പിക്കേണ്ടതാണ്.	7 ദിവസം	
11.	ഒക്യുപെൻസി സർട്ടിഫിക്കറ്റ് (റൂൾ 25)	വെള്ളകടലാസിലുള്ള 5 രൂപ കോർട്ടുഫീസ്റ്റാമ്പ് പതിച്ച അപേക്ഷ 100 ച മീറ്റർ വരെയുള്ളതും രണ്ടുനിലയിൽ പരിമിതപ്പെടുത്തിയഏക കുടുംബ വാസ ഗൃഹങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല. 100 to 150 ച.മീറ്ററിന് ഇടയിലുള്ളവയ്ക്ക് ഫാറം ഇ യിലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് മറ്റുള്ളവയ്ക്ക് ഫോറം ഇ യിലും എഫ് ലും ഉള്ള സർട്ടിഫിക്കറ്റ്.	15 ദിവസം	ഫീസില്ല

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
12.	കുടിൽ നിർമ്മാണം (റൂൾ 132 (1)	ഫോറം എ യിലുള്ള അപേക്ഷ 5 രൂപാ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം). സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ് കൈവശാവകാശ സർട്ടിഫിക്കറ്റ്.റഫ് സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന കുടിലിന്റെ അതിരുകളിൽനിന്നുള്ള ദൂരം കാണിച്ചിരിക്കണം)	14 ദിവസം	അപേക്ഷ ഫീ 10 രൂപ Rs 2/sq.M.or 50 /permit
13.	കിണർ നിർമ്മാണം (റൂൾ 91 മുതൽ 97 വരെ)	അനുബന്ധം എ യിലുള്ള അപേക്ഷ (5രൂപ കോർട്ട്ഫീ സ്റ്റാമ്പ്പതിച്ചിരിക്കണം) സൈറ്റ് പ്ലാൻ (നിർമ്മിക്കാനുദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും വസ്തുവിന്റെ അതിരിൽ നിന്നുള്ള ദൂരം 7.5 മീറ്റർ ചുറ്റളവിൽ ഉള്ളതായ മറ്റ് നിർമ്മിതികളുടെ വിവരവും വ്യക്തമാക്കണം) പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനയ്ക്ക് ഹാജരാക്കണം) സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ് കൈവശാവകാശ സർട്ടിഫിക്കറ്റ്.	30 ദിവസം	അപേക്ഷാഫീസ് 10 രൂപ പെർമിറ്റ് ഫീസ് 20 രൂപ
14.	മതിൽ/ വേലി- പൊതു വഴിയോടും പൊതുസ്ഥലത്തോടും ചേർന്ന അതൃത്തികളിൽ നിർമ്മിക്കുന്നതിന് (റൂൾ 87 മുതൽ 90 വരെ)	ഫോറം എ യുലുള്ള 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. അപേക്ഷാഫീസായി 5 രൂപ അടച്ചതിന്റെ രസീത്. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനയ്ക്ക് ഹാജരാക്കണം) സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെപകർപ്പ് കൈവശാവകാശ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ, നിർമ്മാണത്തിന്റെ അളവു രേഖപ്പെടുത്തിയ റഫ് പ്ലാൻ	30 ദിവസം	അപേക്ഷാഫീസ് 10 രൂപ, പെർമിറ്റ് ഫീസ്, മീറ്ററിന് 3 രൂപ
15.	പെർമിറ്റ് കൈമാറ്റം ചെയ്യൽ (റൂൾ 24)	വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടെയും കൈമാറി കിട്ടിയ വ്യക്തിയുടെയും അപേക്ഷകൾ (5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചത്) അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസ്സൽ. സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം)	15 ദിവസം	25 രൂപ
16.	കെട്ടിടനിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ (റൂൾ 17)	വെള്ളകടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്) ഒറിജിനൽ പെർമിറ്റും അംഗീകൃത പ്ലാനും	30 ദിവസം	കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക കാലാവധി കഴിഞ്ഞാൽപെർമിറ്റ് ഫീസിന്റെ 50 ശതമാനം അടച്ച് പെർമിറ്റ് തീയതി മുതൽ 9 വർഷത്തിൽ അധികരിക്കാതെ പരമാവധി 3 വർഷത്തേക്ക് പെർമിറ്റ് പുതുക്കി നൽകുന്നതാണ്.

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
17.	കെട്ടിടത്തിന് നമ്പർ നൽകൽ	**പെർമിറ്റ് പ്രകാരം പണിത കെട്ടിടങ്ങൾ:** നിശ്ചിത ഫാറത്തിലുള്ള (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ) ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമായ പുതുക്കിയ കെട്ടിടങ്ങൾക്കുമാത്രം) വസ്തു നികുതി ചട്ടം ഫാറം 2 എ- യിലുള്ള റിട്ടേൺ. ചട്ടം 11 (2) **പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾ :** നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ എ2 ഫോമും അനുബന്ധ രേഖകളും നൽകിയിട്ടില്ലായെങ്കിൽ കെട്ടിടത്തിന്റെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ്. കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സ്കെച്ച് ആധാരത്തിന്റെ പകർപ്പ് കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ് വസ്തുനികുതി ചട്ടം 2 എയിലുള്ള റിട്ടേൺ	10 ദിവസം	നിലവിലുള്ള നികുതി നിരക്കുപ്രകാരം കെട്ടിടനികുതി ഒടുക്കേണ്ടതാണ്.
18.	ഉടമസ്ഥതാ സർട്ടിഫിക്കറ്റ്/റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിലുള്ള അപേക്ഷ(വീട്ടുനമ്പർരേഖപ്പെടുത്തിയിരിക്കണം) അപേക്ഷകൻ കെട്ടിടയുടമയല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം /രണ്ടുപേരും കൂടി ഒപ്പ് വച്ച് വാടകകരാർ	താമസ സർട്ടിഫിക്കറ്റ് 7 ദിവസം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് 3 പ്രവൃത്തിദിവസം	കെട്ടിട നികുതി ഒടുക്കിയിരിക്കണം മറ്റ് ഫീസ് ഇല്ല
19.	വസ്തു നികുതിയിൽ നിന്നും ഒഴിവാകൽ (പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക്/വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക്)	വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ 10 ന് അകം അപേക്ഷ സമർപ്പിക്കണം)	7 ദിവസം	ഇല്ല
20.	ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവുകൾ	വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ഓരോ അർദ്ധവർഷത്തേയ്ക്കും പ്രത്യേകം അപേക്ഷ നൽകണം)	45 ദിവസം	ഓരോ അർദ്ധവർഷത്തേയും നികുതിയുടെ പകുതി തുക ഒടുക്കേണ്ടതാണ്.
21.	സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ	നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം സ്ഥാപനം നടത്തുന്നതിനുള്ള യോഗ്യതാപത്രത്തിന്റെ പകർപ്പ് (ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കണം) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ആവശ്യമായ സംഗതികളിൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ്	15 ദിവസം	രജിസ്ട്രേഷൻ ഫീസ് 200 രൂപ, പുതുക്കുന്നതിന് 50 രൂപ (ജീവനക്കാരുടെ/ നടത്തിപ്പുകാരുടെ തൊഴിൽ നികുതി പ്രത്യേകം ഒടുക്കേണ്ടതാണ്.)

ക്രമ നമ്പർ	സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനംലഭ്യമാക്കുന്ന സമയ പരിധി	നൽകേണ്ട ഫീസ്
22	പട്ടി/ പന്നികൾക്ക് ലൈസൻസ് നൽകൽ	നിശ്ചിത ഫോത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. പേവിഷബാധയ്ക്കെതിരെ പ്രതിരോധകുത്തിവയ്പ് നടത്തിയിട്ടുണ്ടെന്നുള്ള മൃഗഡോക്ടറുടെ സാക്ഷ്യപത്രം. (അപേക്ഷയിൽ പ്രായം, നിറം, ഇനം മുതലായവ കാണിച്ചിരിക്കണം)	30 ദിവസം	10 രൂപ
23	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി തൊഴിൽകാർഡ് ലഭിക്കുന്നതിന്	നിശ്ചിത ഫാത്തിലുള്ള അപേക്ഷ, (റേഷൻകാർഡ് പകർപ്പ്/സ്ഥിരതാമസം കാണിക്കുന്ന രേഖ കുടുംബാംഗങ്ങളുടെ ഫോട്ടോകൾ രണ്ട് പകർപ്പുകൾ വീതം	15 ദിവസം	ഫീസ് ഇല്ല
24	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ ഗ്രാമീണം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽകാർഡ് ലഭിക്കുന്നതിന്	നിശ്ചിത ഫാത്തിലുള്ള അപേക്ഷ, (റേഷൻകാർഡ് പകർപ്പ്/സ്ഥിരതാമസം കാണിക്കുന്ന രേഖ കുടുംബാംഗങ്ങളുടെ ഫോട്ടോകൾ രണ്ട് പകർപ്പുകൾ വീതം	10 ദിവസം	ഫീസ് ഇല്ല